**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5090** **14-03-2023 - ൽ മറുപടിയ്ക്ക്**

**ബാലുശ്ശേരി മണ്ഡലത്തിലെ സ്കൂളുകൾക്ക് ഭൂമി വാങ്ങുന്നതിനായി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്വന്തമായി ഭൂമിയില്ലാത്ത എൽ.പി., യു.പി. സ്കൂളുകൾക്ക് ഭൂമി വാങ്ങുന്നതിനായി പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇത്തരം സ്കൂളുകൾ അപകടാവസ്ഥയിലുള്ള വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കേരള ബഡ്ജറ്റ് പ്രസംഗം 2019, ഖണ്ഡിക 104 ൽ സ്വന്തമായി സ്ഥലമില്ലാത്തതോ, സ്ഥലം അപര്യാപ്തമായതോ ആയ സ്കൂളുകൾക്ക് ഭൂമി വാങ്ങുന്നതിനായി പദ്ധതി രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ടി പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി ബന്ധപ്പെട്ട സ്കൂളുകളുടെ വിശദമായ പ്രൊപ്പോസലുകൾ പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ് തലത്തിൽ ക്രോഡീകരിച്ചുവരുന്നു. ഇത്തരം സ്കൂളുകൾ അപകടാവസ്ഥയിലുള്ള വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ബാലുശ്ശേരി മണ്ഡലത്തിലെ എത്ര സ്കൂളുകളാണ് ഭൂമി വാങ്ങുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്; വിശദാംശം അറിയിക്കുമോ; | (ബി) | ബാലുശ്ശേരി മണ്ഡലത്തിലെ 8 സ്കൂളുകളാണ് ഭൂമി വാങ്ങുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്. അവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>1. ഗവ.എൽ.പി.എസ് പള്ളിയോത്ത്<br>2ഗവ.എൽ.പി.എസ് ബാലുശ്ശേരി<br>3. ഗവ.എൽ.പി.എസ് മണ്ണാംപൊയിൽ<br>4. ഗവ.എം.എൽ.പി.എസ് ഉണ്ണികുളം<br>5.ഗവ.യു. പി. എസ് കിനാലൂർ<br>6. ഗവ.യു.പി.എസ് ഉണ്ണികുളം<br>7. ഗവ.എൽ.പി.എസ് ഉള്ളിയേരി<br>8. ഗവ.എം.എൽ.പി.എസ് നടുവണ്ണൂർ |
| (സി) | ഭൂമിയില്ലാത്ത സർക്കാർ സ്കൂളുകൾക്ക് ഭൂമി വാങ്ങുന്നതിനായി പ്രത്യേക പദ്ധതി തയ്യാറാക്കി കിഫ്ബി വഴി ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | സ്വന്തമായി സ്ഥലമില്ലാത്തതോ, സ്ഥലം അപര്യാപ്തമായതോ ആയ സ്കൂളുകൾക്ക് ഭൂമി വാങ്ങുന്ന പദ്ധതിയ്ക്കായി കിഫ്ബി ഫണ്ട് ലഭ്യമാക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ